**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ എസ് ഷാഹുദ്ദീന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.2441/2016/തസ്വഭവ തീയതി,തിരുവനന്തപുരം,12/08/2016

---

പരാമർശം :
1. സ.ഉ(കൈ) 224/2014/തസ്വഭവ തീയതി 12.12.2014.
2. പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25/02/2012-ലെ ഇ 3-6199/11 നമ്പർ. കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 16.06.2016 ലെ ഇ 6-15627/2016(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ. എസ്. ഷാഹുദ്ദീൻ 19.03.1993 പൂർവ്വാഹ്നത്തിൽ കാസറഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ചു. തുടർന്ന് ക്ലാർക്ക് തസ്തികയിലെ നിയമനം ക്രമവല്ക്കരിക്കുകയും അന്തർജില്ലാ സ്ഥലംമാറ്റം മുഖേന പത്തനംതിട്ട ജില്ലയിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. ടിയാന് 50 വയസ്സ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസമായ 15.03.2010 തീയതി പ്രാബല്യത്തിൽ ടിയാനെ വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കി പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

ശ്രീ. എസ്. ഷാഹുദ്ദീൻ അവധിയിലായിരുന്ന കാലയളവ് ഒഴിവാക്കി 2 വർഷം സേവനം പൂർത്തിയാക്കിയ 06.11.2007 മുതൽ ഒരു വർഷത്തേക്ക് പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ടെന്നും ടിയാന്റെ പേരിൽ വിജലൻസ് കേസോ വകുപ്പുതല അച്ചടക്ക നടപടിയോ നിലവിലില്ലായെന്നും 31.03.2016 ൽ സേവനത്തിൽ നിന്നും വിരമിച്ച

ടിയാന് 50 വയസ്സ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസമായ 15.03.2010 പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലാവധി 16.03.2010 വരെ ദീർഘിപ്പിച്ച് നല്കണമെന്നാണ് പഞ്ചായത്ത് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നത്.

പരാമർശം 1 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുണ്ടായിരുന്ന special qualification test, obligatory department test ആക്കി മാറ്റിയതിനാൽ പ്രസ്തുത തീയതി പ്രാബല്യത്തിൽ മാത്രമേ എസ് ഷാഹുദ്ദീന് KS&SSRs part 2 Rule 13 B യുടെ ആനുകൂല്യം നല്കാൻ സാധിക്കുകയുള്ളൂ

മേൽ സാഹചര്യത്തിൽ 31.03.2016 ൽ സേവനത്തിൽ നിന്നും വിരമിച്ച പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ എസ് ഷാഹുദ്ദീന് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.& എസ്എസ്.ആർ പാർട്ട് 2 റൂൾ 13 ബി പ്രകാരം 13.12.2014 FN തീയതി പ്രാബല്യത്തിൽ ക്ലാർക്ക് തസ്തികയിലെ ടിയാന്റെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിനായി ടിയാന്റെ പ്രൊബേഷൻ കാലാവധി 14.12.2014 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

വിശേഷാൽ ചട്ടത്തിൽ ഭേദഗതി ചെയ്യുന്നതിനുള്ള കരട് സമർപ്പിക്കുമ്പോൾ പരാമർശം (1)-ലെ ഉത്തരവിലെ ഭേദഗതികൂടി ഉൾപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവന പുസ്തകം 2 വാല്യം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, മെഴുവേലി ഗ്രാമപഞ്ചായത്ത് പത്തനംതിട്ട.
ഉദ്യാഗസ്ഥഭരണപരിഷ്കാരവകുപ്പ് ( 21/07/2016 ലെ ADV-B2/62/2016/ഉഭപവ നമ്പർ കറിപ്പ്)
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഫയൽ നമ്പർ 104/ഇപിഎ 1/15/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ